പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5814 27.10.2011-ൽ മറുപടിയ്ക്ക്

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി: | **ശ്രീ. കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) തെങ്ങ്കയറ്റക്കാരുടെ ദൗർലഭ്യം നിമിത്തം നാളികേര കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കേരളത്തിലും തെങ്ങുകൃഷിയുള്ള മറ്റു സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗോവ എന്നിവിടങ്ങളിലും കേര കർഷകർ അഭിമുഖീകരിക്കുന്ന ഗൗരവമേറിയ പ്രശ്നമാണിത്. 45-60 ദിവസങ്ങൾക്കുള്ളിൽ നടത്തിയിരുന്ന തേങ്ങയിടീൽ ഇപ്പോൾ നാലും അഞ്ചും മാസത്തിലൊരിയ്ക്കലായി മാറിക്കഴിഞ്ഞു. വിളവെടുപ്പിലുണ്ടാകുന്ന കാലതാമസവും വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൂലിച്ചെലവും കൃഷിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതൊടൊപ്പം തെങ്ങിന്റെ മണ്ട വൃത്തിയാക്കാത്തതിനാലും കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരെയുള്ള പ്രതിരോധപ്രവർത്തങ്ങൾ യഥാസമയം നടക്കാത്തതിനാലും രോഗകീടങ്ങളും വർദ്ധിക്കുന്നു. |
| (ബി) ഇതിനു പരിഹാരമായി ആധുനിക രീതിയിൽ തെങ്ങുകയറ്റ പരിശീലനം നൽകി തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലിപ്പിച്ചെടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) ഉണ്ട്. നാളികേര വികസന ബോർഡ് നടപ്പു സാമ്പത്തിക വർഷത്തിയന്ത്രമുപയോഗിച്ച് തെങ്ങുകയറാൻ 5000 യുവാക്കളെ കണ്ടെത്തി പരിശീലിപ്പിച്ച് തെങ്ങുകയറ്റ മേഖലയിലെ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാൻ "തെങ്ങിന്റെ ചങ്ങാതിക്കൂട്ടം" (ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ)എന്ന ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ രംഗത്ത് പരിശീലനം നൽകുക ഉണ്ടായോ; എങ്കിൽ എത്ര പേർ ഇതിനകം പരിശീലനം പൂർത്തിയാക്കി; | (സി) | തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തെ കേരളത്തിലുടനീളം സജ്ജരാക്കുന്ന പരിശീലന പരിപാടി ആഗസ്റ്റ് 17 (ചിങ്ങം 1 ) മുതൽ ആരംഭിച്ചു. ലക്ഷദ്വീപ് ഉൾപ്പെടെ കേരളത്തിലെ 12 ജില്ലകളിൽ 63 ബാച്ചുകളിലായി 1030 പേർക്ക് ഇതുവരെ പരിശീലനം നൽകി കഴിഞ്ഞു. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ 298 പേർ വിവിധ കേന്ദ്രങ്ങളിലായി പരിശീലനം പൂർത്തിയാക്കി. |
| (ഡി) | ഇപ്പോൾ പരിശീലനം നൽകി വരുന്നുണ്ടോ; എങ്കിൽ എത്ര പേർക്കെന്ന് വ്യക്തമാക്കുമോ; | (ഡി) | നാളികേര വികസന ബോർഡ് 97 പേർക്ക് ഇപ്പോൾ പരിശീലനം നൽകിവരുന്നു. കേരള കാർഷിക സർവ്വകലാശാല 87 പേർക്ക് വിവിധ കേന്ദ്രങ്ങളിലായി പരിശീലനം നടത്തിവരുന്നു. |
| (ഇ) | ഏതു സ്ഥാപനം വഴിയാണ് പരിശീലനം നൽകുന്നത്; പരിശീലന പരിപാടിയുടെ വിശദാംശങ്ങൾ നൽകുമോ; | (ഇ) | നാളികേര വികസന ബോർഡ്, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, കൃഷി ഭവൻ, എന്നീ സ്ഥാപനങ്ങൾ വഴിയും നോൺഗവൺമെന്റൽ ഓർഗനൈസേഷൻസ് വഴിയും പരിശീലനം നൽകുന്നു. നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ 6 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികൾ നടന്നു വരുന്നു. |
| (എഫ്) | പരിശീലനം പൂർത്തീകരിച്ചവർക്ക് ലഭിക്കുന്ന ഫീസ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എഫ്) | നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനാർത്ഥികൾക്ക് ദിവസം 150 രൂപാ വീതം പരിശീലനം കാലയളവായ 6 ദിവസത്തേയ്ക്ക് ആകെ 900 രൂപ സ്റ്റൈപ്പന്റായി നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ജി) | തെങ്ങുകയറ്റയന്ത്രം ഏത് ഏജൻസി വഴിയാണ് വിതരണം ചെയ്യുന്നത്? | (ജി) | തെങ്ങു കയറ്റയന്ത്രം കേരളത്തിലെ രണ്ടു പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങളായ കെയ്ക്കോയും(KAICO) റെയ്ഡ്കോയും(RAIDCO) വഴിയാണ് വിതരണം ചെയ്യുന്നത്. |

R.R. Baliga

സെക്ഷൻ ഓഫീസർ